# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറ് (കിലെ)

## പൌരാവകാശ രേഖ

### ആമുഖം

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമസംഘങ്ങൾ രജിസ്റ്ററാക്കൽ നിയമപ്രകാരം 1978-ൽ കേരള സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻറ് എംപ്ലോയ്മെൻറ് (കിലെ)

### പ്രതിബദ്ധത

കേരള സംസ്ഥാനത്തിന് മുൻതൂക്കം നൽകിക്കൊണ്ട് തൊഴിൽ മേഖലയിൽ വിദ്യാഭ്യാസം, പഠനം, പരിശീലനം, ഗവേഷണം തുടങ്ങിയവ സംഘടിപ്പിക്കുക

### ദൌത്യം

1. തൊഴിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും പരിശീലനവും ഗവേഷണവും നടത്തുക
2. കോൺഫെറൻസുകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുക
3. ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ടും മറ്റ് ഏജൻസികളുടെ സഹായത്തോടുകൂടിയും ഗവേഷണം നടത്തുക
4. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരഹാര മാർഗം നിർദേശിക്കുക
5. പുസ്തകങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക
6. ലൈബ്രറിയും ഇൻഫർമേഷൻ സർവീസും തുടങ്ങുക
7. ഈ ലക്ഷ്യത്തിൽ തന്നെയുള്ള ഇതര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക
8. ഫെലോഷിപ്പ്, പ്രൈസുകൾ, സ്റ്റൈപ്പൻറുകൾ മുതലായവ നൽകുക

### പ്രവർത്തനങ്ങൾ

പരിശീലന പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ഗവേഷണ പരിപാടികൾ, പ്രസിദ്ധീകരണങ്ങൾ, തൊഴിൽ മേഖലയിലെ ഇൻഫർമേഷൻ സർവീസ്, ലൈബ്രറി നടത്തിപ്പ് മുതലായവ.

**ഉപഭോക്താക്കൾ**

തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും ട്രേഡ് യൂണിയൻ പ്രവർത്തകരും നേതാക്കളും അസംഘടിത-സംഘടിത മേഖലകളിലെ തൊഴിലാളികളും തൊഴിലാളി പ്രതിനിധികളും മാനേജ്മെൻറ് വക്താക്കൾ, തൊഴിൽ, എംപ്ലോയ്മെൻറ്, ട്രെയിനിംഗ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാർ, അക്കാദമിക തലത്തിൽ പ്രവർത്തിക്കുന്നവർ.

**പ്രവർത്തനങ്ങളുടെ സമയപരിധി**

പരിശീലന പരിപാടികൾ : ഗവേണിംഗ് ബോഡി അംഗീകരിച്ച കലണ്ടർ ഓഫ് പ്രോഗ്രാംസ് അനുസരിച്ച്

ഗവേഷണ പരിപാടികൾ : ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം സമയബന്ധിതമായി നടത്തുന്നത് പത്രദ്വാര അറിയിപ്പ് നൽകുന്നതാണ്.

ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥൻറ പേരും വിലാസവും


ശ്രീമതി. എം.ഷജീന : എക്സിക്യൂട്ടീവ് ഡയറക്ടർ

ഫോൺ : 0471 2309012 (ഓഫീസ്)
9496814281 (മൊബൈൽ)

ഇ-മെയിൽ : executivedirectorkile@gmail.com